"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പിറവന്തൂർ ഗുരുദേവാ ഹൈസ്കൂൾ എച്ച്.എസ്.ടി.(ഗണിതം) ശ്രീമതി.ലിസ്സി ജോർജ്ജ് ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.5073/2022/GEDN തീയതി,തിരുവനന്തപുരം, 23-08-2022

പരാമർശം:- 1. 30/9/2019ലെസ.ഉ(സാധാ.)നം.3910/2019/പൊ.വി.വ

2. പിറവന്തൂർ ഗുരുദേവാ ഹൈസ്കൂൾ എച്ച്.എസ്.ടി.(ഗണിതം) ശ്രീമതി.ലിസ്സി ജോർജ്ജിന്റെ 02.12.2019-ലെ റിവിഷൻ ഹർജി

3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27.06.2022-ലെ ബി3/2761/2022 നമ്പർ കത്ത്

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.07.2022-ലെ ഇറ്റി5/8703/2020/ഡിജിഇ നമ്പർ കത്ത്

5 കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.07.2022-ലെ ഡിഡിഇകെഎൽഎം/2631/2022-ബി6 നമ്പർ കത്ത്

ഉത്തരവ്

പിറവന്തൂർ ഗുരുദേവാ ഹൈസ്കൂൾ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ലിസ്സി ജോർജ്ജ് ഫയൽ ചെയ്ത പരാമർശം (2)-ലെ റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി 06/07/2022-ൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

2.ഹർജിക്കാരിയായ ശ്രീമതി ലിസ്സിജോർജ്ജിന്റെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.

"ശ്രീമതി.ലിസി ജോർജ്ജ് 05.06.2000 മുതൽ പിറവന്തൂർ ഗുരുദേവാ ഹൈസ്കൂളിൽ എച്ച്.എസ്.ടി. (ഗണിതം) ആയി നിയമനാംഗികാരം ലഭിച്ച അദ്ധ്യാപികയാണ്. സർവ്വീസിൽ കയറിയ സമയം ടി സ്കൂളിൽ 10 HSA തസ്തിക ഉണ്ടായിരുന്നതിൽ മൂന്നാമത്തെ HSA (ഗണിതം) ആയിരുന്നു. 2002-2003 വർഷം മുതൽ GO(Ms)No.11/02/G.Edn Dated 07.01.2002 പ്രകാരം അദ്ധ്യാപക അനുപാതം പുതുക്കി നിശ്ചയിച്ച് HSA(English) കോർ വിഷയങ്ങളിൽ ഒന്നായി ചേർക്കുകയുണ്ടായി. GO(Ms)No.11/02/G.Edn dated

07.01.2002-ലെ ഖണ്ഡം 3(a)-യിൽ HSA(English) അനുവദിക്കേണ്ടത് നിലവിലുള്ള അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടാതെയും ഭാവിയിൽ ഉണ്ടാകുന്ന Retirement/Resignation/leave തുടങ്ങിയ തസ്തികകളിലും ആണ്. 2000 ത്തിന് ശേഷം ഇംഗ്ലീഷ് തസ്തികയായി മാറ്റം വരുത്തുവാൻ ഈ സ്കൂളിൽ ഒരു വേക്കൻസി ഉണ്ടാകുന്നത് 2015-2016 വർഷത്തിൽ മാത്രമാണ്. എന്നാൽ ഈ 3 (a) യിലെ നിർദ്ദേശം പാലിക്കപ്പെടാതെ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ 07.01.2002-ലെ സർക്കാർ ഉത്തരവിലെ 1:1:1:1 എന്ന അനുപാത പ്രകാരം തസ്തിക നിർണ്ണയിച്ച് നിലവിലെ അദ്ധ്യാപകരെ എങ്ങനെയൊക്കെയോ ക്രമീകരിക്കുകയാണ് ചെയ്തത്. ഇംഗ്ലീഷ് എച്ച്.എസ്.എ. ആകാൻ യോഗ്യതയുള്ള ആരും സ്കൂളിലുണ്ടായിരുന്നില്ല. തസ്തിക നിർണ്ണയ ഉത്തരവ് കാണുവാൻ അദ്ധ്യാപകർക്ക് അവസരം ലഭിക്കാത്തതിനാൽ ശരി മനസ്സിലാക്കുവാൻ ഇപ്പോൾ മാത്രമേ സാധിച്ചുള്ളൂ.

2007-2008 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം നിലവിലെ 10 ഡിവിഷനുകൾ എട്ടായി കുറയുകയും 1:40 അനുപാതത്തിൽ 9-ാമത്തെ തസ്തിക നിലനിർത്തുകയും ചെയ്തു. 9-ാമത്തെ തസ്തികയിൽ ശ്രീമതി.ലിസ്സി ജോർജ്ജിനെ നിലനിർത്തികൊണ്ട് സീനിയർ ആണെങ്കിലും ശ്രീ.എൻ.ഡി ഹരി HSA(NS) യെ സർവീസിൽ നിന്ന് റിട്രെഞ്ച് ചെയ്യുകയും ചെയ്തു.

ഇതിനെതിരെ ടിയാൻ പരാതിപ്പെടുകയും അതിനെ തുടർന്ന് ബഹു. കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തു.ടിയാന്റെ സീനിയോറിറ്റി കണക്കിലെടുത്ത് ഒൻപതാമത്തെ തസ്തികയിൽ (രണ്ടാമത്തെ ഇംഗ്ലീഷ്) നിലനിർത്തി ഉത്തരവായിട്ടുള്ളതുമാണ്.31.03.2011ൽ ടിയാനെ രണ്ടാമത്തെ ഇംഗ്ലീഷ് പോസ്റ്റിൽ നിലനിർത്തുമ്പോൾ ഒന്നാമത്തെ HSA (ഇംഗ്ലീഷ്) തസ്തികയിൽ യോഗ്യത ഉള്ള ആരും തന്നെ ഇല്ലായിരുന്നു എന്ന് വ്യക്തമാണ്. GO(Ms)No.11/02/G.Edn Dated 07.01.2022-ലെ റൂൾ 3(a) പ്രകാരം വന്ന് കൂടിയ പിശക് അധികാര സ്ഥാനങ്ങളിലും കോടതിയിലും ആയതിനെ സംബന്ധിച്ച് സൂക്ഷ്മമായ അറിവ് കിട്ടാത്തതു കാരണം മേലധികാരങ്ങളിൽ ടി വസ്തുതകൾ ബോധ്യപ്പെടുത്താൻ സാധിച്ചില്ല എന്നത് വസ്തുതയാണ്.

31.03.2011-ൽ ശ്രീ.ഹരി റിട്ടയർ ചെയ്യുമ്പോൾ 2010-11ൽ എട്ട് ഡിവിഷനാണ് ഉണ്ടായിരുന്നത്.GO(Ms)No.11/02/G.Edn Dated 07.01.2022 ലെ റൂൾ 3(a) പ്രകാരം തസ്തിക നിർണ്ണയം നിയമപരമായി നടത്തുവാൻ സാധ്യമല്ലാത്തതിനാൽ അതിന് മുമ്പുണ്ടായിരുന്ന 1:1:1 എന്ന റേഷ്യോ പ്രകാരം എട്ട് തസ്തികയിൽ വിഷയാനുപാതത്തിൽ വീതിക്കുമ്പോൾ കണക്കിന് മൂന്നു തസ്തികയാണ് അനുവദിക്കേണ്ടത്. ശ്രീമതി.ലിസ്സി മൂന്നാമത്തെ കണക്ക് അദ്ധ്യപികയാണ്. എന്നാൽ ഈ പറയുന്ന ഉത്തരവ് പ്രകാരം വീതിക്കുമ്പോൾ കണക്കിന് രണ്ട് തസ്തിക മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളു എന്ന കാരണത്താൽ റിക്കാർഡ് പ്രകാരം പുറത്താക്കിയിട്ടുണ്ടെങ്കിലും ആ കാലയളവിൽ ശ്രീമതി ലിസ്സി മുടങ്ങാതെ സ്കൂളിൽ ഹാജരാകുകയും ജോലി ചെയ്യുകയും ഉണ്ടായി.

2000 ത്തിന് ശേഷം 2013-14ൽ ആണ് റിട്ടയർമന്റ് മുഖാന്തിരം ഉണ്ടായ ഒഴിവ് HSA (English) ആയി തരം മാറ്റാവുന്നത്. 2015-2016 ൽ ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്തികൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. ആയതിൽ 2015-16 "മുതൽ" എന്ന് ചേർത്തിട്ടില്ലാത്തതിനാൽ 2015-16 ൽ ശമ്പളം തന്നെങ്കിലും തുടർന്ന് തരാതിരിക്കയായിരുന്നു.

ശ്രീമതി ലൗലി തോമസ്,എച്ച്.എസ്.ടി(ഗണിതം) റിട്ടയർ ചെയ്തതിനാൽ ആ വിരമിക്കൽ ഒഴിവിൽ 15.07.2021 മുതൽ Order No.L.Dis.B3/1665/21 16.09.2021 പ്രകാരം നിലനിർത്തി ബഹു.പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളം അനുവദിക്കുകയും ചെയ്തു.

മേൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 01.03.2010-14.07.2015, 15.07.2016 - 15.07.2021 വരെയുള്ള ലഭിക്കേണ്ട ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് സർവ്വീസ് ക്രമപ്പെടുത്തി തരുന്നതിന് ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

<u>3) വിദ്യാഭ്യാസ ഓഫീസർമാർ ബോധിപ്പിച്ച വസ്തുതകൾ താഴെപ്പറയും പ്രകാരമാണ്.</u>

"2007-08 തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 1:45 അനുപാതത്തിൽ പിറവന്തൂർ ഗുരുദേവ എച്ച്.എസ്-ൽ താഴെപ്പറയുന്ന ഡിവിഷനുകളാണ് അനുവദിക്കപ്പെട്ടിരുന്നത്.

ക്ലാസ്സ്	VIII	IX	X	ആകെ
2007-2008-ൽ അനുവദിച്ച ഡിവിഷൻ	3+1	3	3	9+1

2007-08 ൽ 1:45 അനുപാതത്തിൽ അനുവദിക്കപ്പെട്ട എച്ച്.എസ്.റ്റി (കോർ) തസ്തികകൾ താഴെപ്പറയും വിധമാണ്.

ഫിസിക്കൽ സയൻസ്	2
നാചുറൽ സയൻസ്	1
ഗണിതം	2
സോഷ്യൽ സയൻസ്	2
ഇംഗ്ലീഷ്	2
ആകെ	9

2007-08 1:45 അനുപാത പ്രകാരം പുറത്ത് പോകുമായിരുന്ന എച്ച്.എസ്.ടി (നാചറൽ സയൻസ്) അദ്ധ്യാപകൻ ശ്രീ.എൻ.ഡി ഹരിയെ 1:40 അനുപാതത്തിൽ നിലനിർത്തുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സൂപ്പർചെക്ക് സെൽ ആഫീസർ പിറവന്തൂർ ഗുരുദേവ എച്ച്.എസ്.ൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 2007-2008-ലെ തസ്തിക നിർണ്ണയ ഉത്തരവ് താഴെ പറയും വിധം പരിഷ്കരിച്ചു.

ക്ലാസ്സ്	VIII	IX	X	ആകെ
റോൾ സ്ട്രെങ്ത്	90	109	95	294
വേരിഫൈഡ് സ്ട്രെങ്ത്	90	109	95	294
ഇഫക്ടീവ് സ്ട്രെങ്ത്	90	109	95	294
1:45-ൽ അനുവദിച്ച ഡിവിഷൻ	2	3	2	7
1:40 അനുവദിച്ച ഡിവിഷൻ	1		1	2
ആകെ അനുവദിച്ച ഡിവിഷനുകൾ	2+1	3	2+1	7+2

2007-2008 ലെ പുതുക്കിയ ക്ലാസ്സ് ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട എച്ച്.എസ്.ടി (കോർ വിഷയം) തസ്തികകളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്.

തസ്തിക	1:45	1:40	അംഗീകാരത്തോടെ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകൻ
ഫിസിക്കൽ സയൻസ്	2	2	2
നാചറൽ സയൻസ്	1	1	2
ഗണിതം	2	2	3
സോഷ്യൽ സയൻസ്	1	2	3
ഇംഗ്ലീഷ്	1	2	-
ആകെ	7	9	10

1:45 അനുപാതത്തിൽ 2007-2008 ലെ നിർണ്ണയം പുതുക്കിയപ്പോൾ താഴെ പറയുന്ന നാല് എച്ച്.എസ്.ടി കോർ അദ്ധ്യാപകരാണ് വിഷയാനുപാതം പ്രകാരം അധികമായത്.

1. സി.രാജേന്ദ്രൻ നായർ, എച്ച്.എസ്.റ്റി (എസ് എസ്)

2. വി.ദീപ ,എച്ച്.എസ്.റ്റി (എസ് എസ്)

3. എൻ.ഡി ഹരി, എച്ച്.എസ്.റ്റി (എൻ. എസ്)

4. ലിസി ജോർജ്ജ് എച്ച്.എസ്.റ്റി (ഗണിതം)

മേൽ പറഞ്ഞ നാല് അദ്ധ്യാപകരിൽ ശ്രീ.എൻ.ഡി.ഹരി, എച്ച്.എസ്.റ്റി (നാചുറൽ സയൻസ്)-നെ തസ്തിക ലഭ്യമല്ലാത്തതിനാൽ പുറത്താക്കുകയും ബാക്കിയുള്ളവരെ സ്കൂളിൽ നിലനിർത്തുകയും ചെയ്തു.

പൊതുവിദ്യാഭ്യാസഡയറക്ടർക്ക് ശ്രീ.എൻ.ഡി.ഹരി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ 1:40 അനുപാതത്തിൽ നിലനിർത്തുകയും ശ്രീമതി.ലിസിജോർജ്ജ് 15.07.2007 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്താവുകയും ചെയ്തു.

ശ്രീമതി ലിസി ജോർജ്ജ് ടിയാരിയുടെ പുറത്താക്കലിനെതിരെ ബഹു.കേരള ഹൈക്കോടതിയിൽ 15264/09 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ടി റിട്ട് ഹർജ്ജിയിന്മേൽ 19.05.2010—ൽ പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നൽകുകയും 07.01.2002-ലെ സ.ഉ.(എം.എസ്) 11/2002/പൊ.വി.വ-ന്റെ 3എ പ്രകാരം ശ്രീ.സി.രാജേന്ദ്രൻ നായർ എച്ച്.എസ്.റ്റി(എസ്എസ്)-നെ ഒഴിഞ്ഞുകിടന്ന എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) ഒന്നാമത്തെ തസ്തികയിലും ശ്രീമതി.വി.ദീപയെ 1:40 പ്രകാരം എച്ച്.എസ്.റ്റി(എസ്.എസ്) തസ്തികയിലും നിലനിർത്തി.2007-2008-ലെ തസ്തിക നിർണ്ണയം പുന:ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വന്ന എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ അദ്ധ്യാപകർ ഇല്ലാതിരുന്നതിനാൽ മേൽ സൂചിക്കപ്പെട്ട അദ്ധ്യാപകരിൽ സീനിയർ ആയ 01.06.1998 മുതൽ സേവനമുള്ള ശ്രീ.എൻ.ഡി.ഹരിയെ എച്ച്.എസ്.ടി (ഇംഗ്ലീഷ്)-ന്റെ രണ്ടാമത്തെ തസ്തികയിൽ നിലനിർത്തുകയും ചെയ്തു. 07.01.2002-ലെ സ.ഉ(എം.എസ്) 11/2022/പൊ.വി.വ പ്രകാരം അനുവദിക്കുന്ന എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) തസ്തികകളിൽ നിയമനത്തിന് അർഹരായ അദ്ധ്യാപകർ സ്കൂളിൽ ലഭ്യമല്ലാത്തതുമൂലം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ വിഷയാനുപാത പ്രകാരം നിലനിർത്താനാവാതെ സേവനത്തിന് പുറത്ത് പോകുന്ന എച്ച്.എസ്.റ്റി (കോർ) വിഷയങ്ങളിലെ അദ്ധ്യാപകനെ സീനിയോറിറ്റി അടിസ്ഥാനമാക്കി നിലനിർത്തിയ സാഹചര്യത്തിലാണ് ശ്രീമതി.ലിസിജോർജ്ജ് 15.07.2007 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്തായത്.

പിന്നീട് ശ്രീ.എൻ.ഡി.ഹരി 31.03.2011 ൽ സേവനത്തിൽ നിന്നും വിരമിച്ചു എങ്കിലും ടിയാളെ പിറവത്തൂർ ഗുരുദേവ എച്ച്.എസ്-ൽ നിലനിർത്തിയിരുന്നത് റിടഞ്ച്മെന്റ് ഒഴിവാക്കുന്നതിന് വേണ്ടി 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിൽ മാത്രമായിരുന്നതിനാൽ ശ്രീ.എൻ.ഡി. ഹരിയുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി. ലിസി ജോർജ്ജിനെ ക്രമീകരിക്കുവാൻ കഴിയില്ല. 2011-2012 മുതൽ 2014-15 വരെയുള്ള തസ്തിക നിർണ്ണയത്തിൽ എച്ച്.എസ്.റ്റി(ഇംഗ്ലീഷ്)-ന്റെ രണ്ടാമത്തെ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാരിയെ നിലനിർത്തുവാൻ കഴിയുമായിരുന്നില്ല.

2015-16 വർഷം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)-ന് രണ്ടാമത്തെ തസ്തിക ലഭ്യമായതിനെ തുടർന്ന് ടിയാരിയെ 05.06.2000 മുതൽ സേവനത്തിലുള്ള അദ്ധ്യാപിക എന്ന നിലയിൽ ടി തസ്തികയിൽ നിലനിർത്തുവാൻ 30.09.2019-ലെ ജി.ഒ (ആർ.റ്റി) 3910/2019/പൊ.വി.വ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ലിസി ജോർജ്ജിനെ 2015-16 അദ്ധ്യയന വർഷം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)-ന്റെ രണ്ടാമത്തെ തസ്തികയിലേയ്ക്ക് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷമുള്ള 2016-17, 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ ടിയാരി എച്ച്.എസ്.റ്റി(ഇംഗ്ലീഷ്)-ന്റെ രണ്ടാമത്തെ തസ്തികയിൽ തുടർന്നുവരുന്നുണ്ടെങ്കിലും സംരക്ഷണമോ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളോ ലഭിച്ചിട്ടില്ല. 2019-20 അദ്ധ്യയന വർഷം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)-ന്റെ രണ്ടാമത്തെ തസ്തിക നഷ്ടപ്പെടുകയും 2016-17 മുതൽ 2018-19 വരെ 1:45 അനുപാതത്തിൽ എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) രണ്ടാമത്തെ തസ്തിക ലഭ്യമാണെന്നും പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

30.04.2021-ൽ ഗണിതം അദ്ധ്യാപികയായ ശ്രീമതി.ലൗലി തോമസിന്റെ ഒഴിവിലേയ്ക്ക് ശ്രീമതി. ലിസി ജോർജ്ജിനെ ക്രമീകരിക്കണമെന്ന് കാണിച്ച് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. 2019-20 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.റ്റി (ഗണിതം)-ന് 2 തസ്തികകളാണ് ടി സ്കൂളിൽ അനുവദിക്കപ്പെട്ടിരിക്കുന്നത്. ടി തസ്തികകളിൽ ശ്രീമതി. ലൗലി തോമസ് (30.04.2021 ൽ വിരമിച്ചു.),ശ്രീമതി രമാദേവി എന്നീ രണ്ട് പേരാണ് ജോലി ചെയ്തിരുന്നത്.

06.07.2021-ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ-ന്റെ വെളിച്ചത്തിൽ ശ്രീമതി.ലിസി ജോർജ്ജിനെ ശ്രീമതി.ലൗലി തോമസിന്റെ വിരമിക്കൽ ഒഴിവിലേയ്ക്ക് ക്രമീകരിച്ച് 15.07.2021 തീയതി മുതൽ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ നിർദ്ദേശിച്ച് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകുകയുണ്ടായി.

2016-2017 മുതൽ 2018-2019 വരെയുള്ള കാലയളവിൽ 1:45-ൽ എച്ച്.എസ്.റ്റി(ഇംഗ്ലീഷ്)-ന് രണ്ടാമത്തെ തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ളതിലേയ്ക്ക് ശ്രീമതി.ലിസി ജോർജ്ജിനെ ക്രമീകരിക്കാവുന്നതാണ്.

മേൽ ക്രമീകരണം നടത്തുകയാണെങ്കിൽ 2015-2016 മുതൽ സേവനത്തിൽ തുടർന്ന് വരുന്ന അദ്ധ്യപിക എന്ന നിലയ്ക്ക് നിലനിർത്തുവാനായി 1:40 അനുപാതത്തിന്റെ ആനുകൂല്യം 2019-2020-ലെ തസ്തിക നിർണ്ണയത്തിലും നൽകിയാൽ ടിയാരിയെ അതേ തസ്തികയിൽ നിലനിർത്താവുന്നതാണ്. 2019-2020-ലെ തസ്തിക നിർണ്ണയം തന്നെ 2020-2021, 2021-2022 അദ്ധ്യയന വർഷങ്ങളിലും തുടരുന്നതിനാലും 2021-2022 അദ്ധ്യയന വർഷം ടിയാരിയെ എച്ച്.എസ്.റ്റി(ഗണിതം) തസ്തികയിലേയ്ക്ക് ക്രമീകരിച്ച് നൽകിയിട്ടുള്ളതിനാലും എച്ച്.എസ്.റ്റി(ഗണിതം) തസ്തിക നിലനിൽക്കുന്നിടത്തോളം ടിയാരിയെ പിറവന്തൂർ ഗുരുദേവ എച്ച്.എസ്-ൽ ക്രമീകരിക്കാൻ കഴിയും."

4) ഹർജിക്കാരിയുടെ വാദങ്ങൾ വിദ്യാഭ്യാസഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട കെ.ഇ.ആർ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ഇംഗ്ലീഷിന് തസ്തിക പ്രത്യേകമായി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 07.01.2002-ലെ സ.ഉ(എം.എസ്) നം.11/02/പൊ.വി.വ ഉത്തരവിലും കെ.ഇ.ആർ അധ്യായം XXIII ചട്ടം 6.I ക്കു കീഴിലുള്ള നോട്ടിലും നിലവിൽ ജോലി ചെയ്തു വരുന്ന കോർ വിഷയങ്ങളിലെ അധ്യാപകരെ ബാധിക്കാത്ത രീതിയിൽ ഘട്ടം ഘട്ടമായി മാത്രം വിഷയാനുപാതം പാലിച്ചുകൊണ്ട് ഇംഗ്ലീഷിന് തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.2007-08 ലെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 1:45 അനുപാതത്തിൽ പിറവന്തൂർ ഗുരുദേവ എച്ച്.എസ്-ൽ 1:45 അനുപാതത്തിൽ നാല് എച്ച്.എസ്.ടി കോർ അദ്ധ്യാപകരാണ് വിഷയാനുപാതം പ്രകാരം അധികമായത്.1:40 അനുപാതത്തിൽ തസ്തിക പുന:ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് അദ്ധ്യാപകരെ ക്രമീകരിച്ചതിനുശേഷം വന്ന എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ അദ്ധ്യാപകർ ഇല്ലാതിരുന്നതിനാൽ അദ്ധ്യാപകരിൽ സീനിയർ ആയ 01.06.1998 മുതൽ സേവനമുള്ള ശ്രീ.എൻ.ഡി.ഹരിയെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ രണ്ടാമത്തെ തസ്തികയിൽ നിലനിർത്തുകയും ശ്രീമതി. ലിസി ജോർജ്ജ് 15.07.2007 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്താവുകയും ചെയ്തു.ഇതിനെതിരെ ശ്രീമതി. ലിസി ജോർജ്ജ് ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ടി റിട്ട് ഹർജ്ജിയിന്മേൽ 15.02.2017—ൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ ശ്രീ.എൻ.ഡി.ഹരിയെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ന്റെ രണ്ടാമത്തെ തസ്തികയിൽ നിലനിർത്തിയത് ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്.ശ്രീ.എൻ.ഡി ഹരി 31.03.2011 ൽ സേവനത്തിൽ നിന്നും വിരമിച്ചു എങ്കിലും ടിയാനെ പിറവന്തൂർ ഗുരുദേവ എച്ച്.എസ്ൽ നിലനിർത്തിയിരുന്നത് റിടഞ്ച്മെന്റ് ഒഴിവാക്കുന്നതിന് വേണ്ടി 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിൽ മാത്രമായിരുന്നതിനാൽ ശ്രീ.എൻ.ഡി ഹരിയുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി. ലിസി ജോർജ്ജിനെ ക്രമീകരിച്ചിരുന്നില്ല.ഇതിനിടയിൽ ടിയാളെ അധ്യാപക പാക്കേജിലുമുൾപ്പെടുത്തിയിരുന്നു.എന്നാൽ 2017 ൽ കോടതിവിധി വരുന്നതുവരെയും ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളെ സ്കൂളിൽ തുടരുന്നതിനും ഹാജർ പുസ്തകത്തിൽ ഒപ്പിടുന്നതിനും

അനുമതി നൽകിയിരുന്നതായി കാണുന്നു.

5. 2015-16 വർഷം എച്ച്.എസ്.റ്റി(ഇംഗ്ലീഷ്)ന് രണ്ടാമത്തെ തസ്തിക ലഭ്യമായതിനെ തുടർന്ന് ടിയാരിയെ 05.06.2000 മുതൽ സേവനത്തിലുള്ള അദ്ധ്യാപിക എന്ന നിലയിൽ ടി തസ്തികയിൽ നിലനിർത്തുവാൻ 30.09.2019 ലെ ജി.ഒ(ആർ.റ്റി)3910/2019/ പൊ.വി.വ നമ്പർ ഉത്തരവിലൂടെ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ലിസി ജോർജ്ജിനെ 2015-16 അദ്ധ്യയന വർഷം എച്ച്.എസ്.റ്റി(ഇംഗ്ലീഷ്)ന്റെ രണ്ടാമത്തെ തസ്തികയിൽ ക്രമീകരിച്ചിട്ടുണ്ട്.2016-17,2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ ടിയാരി പ്രസ്തുത തസ്തികയിൽ തുടർന്നുവരുന്നുണ്ടെങ്കിലും അംഗീകാരമോ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളോ ലഭിച്ചിട്ടില്ല. 2019-20 അദ്ധ്യയന വർഷം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ന്റെ രണ്ടാമത്തെ തസ്തിക നഷ്ടപ്പെടുകയും ചെയ്തു.06.07.2021 ലെ സ.ഉ(സാധാ)നം.3287/2021/പൊ.വി.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ലിസി ജോർജ്ജിനെ 30.04.2021ൽ വിരമിച്ച എച്ച്.എസ്.റ്റി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി.ലൗലി തോമസിന്റെ ഒഴിവിലേയ്ക്ക് ക്രമീകരിച്ച് 15.07.2021 തീയതി മുതൽ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ നിർദ്ദേശിച്ച് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകുകയുണ്ടായി.

6. എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ നിയമനത്തിന് അർഹരായ അദ്ധ്യാപകർ സ്കൂളിൽ ലഭ്യമല്ലാത്തതുമൂലം ഒഴിഞ്ഞുകിടന്ന തസ്തികയിൽ വിഷയാനുപാത പ്രകാരം നിലനിർത്താനാവാതെ സേവനത്തിന് പുറത്ത് പോകുന്ന എച്ച്.എസ്.റ്റി (കോർ) വിഷയത്തിലെ ശ്രീ.ഹരി എന്ന അദ്ധ്യാപകനെ സീനിയോറിറ്റി അടിസ്ഥാനമാക്കി നിലനിർത്തിയ സാഹചര്യത്തിലാണ് ശ്രീമതി.ലിസി ജോർ ജ്ജ് 15.07.2007 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പുറത്തായത്. ശ്രീ.എൻ.ഡി. ഹരി 31.03.2011 ൽ സേവനത്തിൽ നിന്നും വിരമിച്ചു എങ്കിലും ടിയാളെ നിലനിർത്തിയിരുന്നത് റിടഞ്ച്മെന്റ് ഒഴിവാക്കുന്നതിന് വേണ്ടി 1 : 4 0 അനുപാതത്തിന്റെ ആനുകൂല്യത്തിൽ മാത്രമായിരുന്നതിനാലാണ് ശ്രീമതി.ലിസി ജോർജ്ജിനെ നിലനിർത്താഞ്ഞത്. എന്നാൽ 2000 ൽ സർവീസിൽ പ്രവേശിച്ചതിനാൽ ശ്രീ.എൻ.ഡി.ഹരിയെ പോലെ തന്നെ 07.01.2002-ലെ സ.ഉ(എം.എസ്) 11/2022/ പൊ.വി.വ,Circular 68832/J2/2009 19/01/2010 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള അദ്ധ്യാപിക എന്ന നിലയ്ക്കും കോടതിവിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ 2017 വരെ പ്രസ്തുത സ്കൂളിൽ തുടർന്നത് കണക്കിലെടുത്തും പാക്കേജ് ഉത്തരവിലുൾപ്പെട്ടിട്ടും ആയതിന്റെ ആനുകൂല്യം ലഭിക്കാതെ പോയതിനാലും 2011-12 മുതൽ 2014-15 വരെ 1:40 അനുപാതത്തിൽ ഇംഗ്ളീഷ് തസ്തികയിൽ ഒഴിവുണ്ടായിരിക്കുകയും തസ്തികനഷ്ടം വന്ന മറ്റ് സീനിയർ അദ്ധ്യാപകർ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും ടിയാരിയെ 2011-12 മുതൽ 2014-15 വരെ പ്രസ്തുത തസ്തികയിൽ ക്രമീകരിച്ച് നിയമനാംഗീകാരം നൽകാനും

സ.ഉ.(സാധാ) നം.5073/2022/GEDN

കൂടാതെ 2016-2017 മുതൽ 2018-2019 വരെ ഒഴിവുള്ള എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ന്റെ രണ്ടാമത്തെ തസ്തികയിലും 2019-2020 ൽ പ്രസ്തുത തസ്തികയിൽ 1:40 അനുപാതത്തിലും നിലനിർത്തി അംഗീകാരം നൽകാനും പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം പിറവന്തൂർ ഗുരുദേവാ ഹൈസ്കൂളിലെ ശ്രീമതി.ലിസ്സിജോർജ്ജ്,എച്ച്.എസ്.ടി(ഗണിതം) ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ
പ്രധാനാധ്യാപകൻ, ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ
ശ്രീമതി.ലിസ്സിജോർജ്ജ്, എച്ച്.എസ്.ടി (ഗണിതം), ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ
വെബ് & ന്യൂ മീഡിയ , ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 23-08-2022 14:31:48
സെക്ഷൻ ഓഫീസർ